## ക്രമപ്രശ്നം

### ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ കേരള സർവ്വകലാശാലാ ദേദഗതി ബില്ലിൽ ധനകാര്യമെമ്മോറാണ്ടം സംബന്ധിച്ച് ചില അവ്യക്തതകൾ ഉണ്ട്. ധനകാര്യമെമ്മോറാണ്ടത്തിൽ പറയുന്നത് ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് യാതൊരു അധിക ചെലവുമുണ്ടായിരിക്കുന്നതല്ല എന്നാണ്. 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്ടിലെ സെക്ഷൻ 17 ഭേദഗതി ചെയ്യുന്നുണ്ട്. കോഴിക്കോട് സർവ്വകലാശാല സെനറ്റ് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ചുള്ളതാണ് സെക്ഷൻ 17. സെനറ്റിലെ മറ്റംഗങ്ങൾ എന്ന ക്വാട്ടയിൽ നിലവിൽ 5-ാം ഇനത്തിൽ 4 അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ ബിൽ ഭേദഗതി ചെയ്യുന്നതോടുകൂടി 4 എന്നത് 6 ആയിട്ട് വർദ്ധിക്കും. രണ്ടു പേരെ ഗവൺമെന്റ് നോമിനേറ്റ് ചെയ്യാനാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. 4 അംഗങ്ങൾ 6 അംഗങ്ങൾ ആയി വർദ്ധിക്കുമ്പോൾ അധികമായി വരുന്ന അംഗങ്ങൾക്ക് മറ്റ് അംഗങ്ങളെപ്പോലെത്തന്നെ യാത്രാബത്ത, മറ്റ് അലവൻസുകൾ ഒക്കെ കൊടുക്കേണ്ടതായി വരും.

ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്ന രണ്ടുപേർക്ക് അലവൻസ് കൊടുക്കാതിരിക്കാൻ പറ്റില്ല. യാത്രാബത്ത, മറ്റ് അലവൻസുകളൊക്കെ കൊടുക്കേണ്ടതായി വരും. അത് സർവ്വകലാശാലകൾക്ക് അധികച്ചെലവാണ്. ധനകാര്യമെമ്മോറാണ്ടത്തിൽ പറയുന്നത് രണ്ട് അംഗങ്ങളായി വരുമ്പോഴുള്ള അധികച്ചെലവ് ഉണ്ടാകില്ലെന്നാണ്. രണ്ട് മെമ്പർമാർ പുതിയതായി നോമിനേറ്റ് ചെയ്യുന്നവർക്ക് ബത്തയും അലവൻസും കൊടുക്കില്ലായെന്നുള്ള വ്യവസ്ഥ പ്രകാരമാണോ രണ്ടുപേരെ അധികം നോമിനേറ്റ് ചെയ്യാൻ പോകുന്നത്. ധനകാര്യമെമ്മോറാണ്ടം എന്നു പറയുമ്പോൾ ഇതിൽ എല്ലാ കാര്യങ്ങളും അവതരിപ്പിക്കണം. ഇന്ന് തന്നെ ഇവിടെ അവതരിപ്പിക്കുന്ന മറ്റൊരു ബില്ല് ഉണ്ട്; സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ. അതിന്റെ ധനകാര്യമെമ്മോറാണ്ടം പരിശോധിച്ചപ്പോൾ സ്വയംഭരണ കോളേജുകളിലെ അക്കാദമിക് കൗൺസിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്നവർക്ക് മാത്രമേ ബത്ത നൽകേണ്ടതായിട്ട് വരൂ എന്ന് അതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ സ്വയംഭരണ കോളേജുകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അതിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്നവർക്കും ചെലവിനെ സംബന്ധിച്ച് പരാമർശിക്കുന്ന കാര്യം ധനകാര്യ മെമ്മോറാണ്ടത്തിലുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിക്കുന്ന മറ്റേ നിയമത്തിനകത്ത് വരുന്ന ചെറിയ ചെലവ് അക്കാദമിക് കൗൺസിൽ മെമ്പർമാർക്കുള്ള ചെലവും ധനകാര്യമെമ്മോറാണ്ടത്തിനകത്ത് ഉൾപ്പെ

ടുത്തിയിട്ടുണ്ട്. കോഴിക്കോട് സർവ്വകലാശാല സെനറ്റിൽ നാമ നിർദ്ദേശം ചെയ്യപ്പെടുന്ന രണ്ടുപേരുടെ അധിക ബാധ്യതയേയും ചെല വിനെയും സംബന്ധിച്ച് ഒരു പരാമർശവും ധനകാര്യമെമ്മോറാണ്ടത്തി ലില്ല. കൂടുതൽ ചെലവ് ഈ രണ്ടുപേരെ നോമിനേറ്റ് ചെയ്യുമ്പോൾ വരും. ബഹുമാനപ്പെട്ട മന്ത്രി തന്നെ മറ്റൊരു നിയമത്തിലെ (ഭേദഗതി) ബില്ലിൽ ഈ വിഷയം പരാമർശിച്ചപ്പോൾ ഈ ബില്ലിൽ അത് പരാ മർശിച്ചിട്ടില്ല. അത് വിട്ടുപോയതാണോ അതുസംബന്ധിച്ച് എന്തുകൊ ണ്ട് ധനകാര്യമെമ്മോറാണ്ടത്തിൽ ഇക്കാര്യം പറഞ്ഞില്ല. ഒരു നിയമം ഉണ്ടാക്കുമ്പോൾ എല്ലാ കാര്യവും പറയേണ്ടേ? ചിലപ്പോൾ അധികം ചെലവ് ഉണ്ടാകില്ല കുറച്ച് ചെലവേ ഉണ്ടാകൂ. മറ്റൊരു ബില്ലിനകത്ത് ശരിയായിട്ട് പറഞ്ഞ മന്ത്രി ഇതിനകത്ത് ശരിയായിട്ട് പറയാത്തതെ ന്തുകൊണ്ടാണ്? അതു സംബന്ധിച്ച് ഒരു വിശദീകരണം ലഭിക്കണം അത് കിട്ടിയതിനുശേഷം മാത്രമേ അങ്ങ് ഇതിന് അനുമതി കൊടുക്കാൻ പാടുള്ളൂ ഒബ്ജക്ഷനാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ബില്ലിലെ മൂന്നാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്ടിലെ 17-ാം വകുപ്പിൽ മറ്റ് അംഗങ്ങളെന്ന ശീർഷ കത്തിൽ 4 അംഗങ്ങൾക്ക് പകരം 6-ൽ കവിയാത്ത അംഗങ്ങൾ എന്ന് ചേർക്കുന്നതാണ് നിർദ്ദിഷ്ട ഭേദഗതി. 17-ാം വകുപ്പിൽ സർവ്വകലാ ശാലയുടെ സെനറ്റിലുണ്ടായിരിക്കേണ്ട അംഗങ്ങളെക്കുറിച്ചാണ് വ്യ

വസ്ഥ ചെയ്യുന്നത്. സെനറ്റിലെ അംഗങ്ങളുടെ അലവൻസുകൾ, മറ്റ് ചെലവുകൾ എന്നിവ സർവ്വകലാശാലകളുടെ ഫണ്ടിൽ നിന്നാണ് നൽകുന്നത്. ആയതിനാൽ ഇതിലേയ്ക്കായി സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് യാതൊരു ചെലവും വരുന്നതല്ല. ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് ചെലവ് വരുന്ന പക്ഷം മാത്രം ആയത് ബില്ലിലെ ധനകാര്യമെമ്മോറാണ്ടത്തിൽ കാണിക്കേണ്ടതാണ്. സർവ്വകലാശാലാ ഫണ്ടിൽ നിന്നുള്ള ചെലവുകൾ ധനകാര്യമെമ്മോറാണ്ടത്തിൽ കാണിക്കേണ്ടതില്ല. അതുകൊണ്ടാണ് ഇത് കാണിക്കാത്തത്.

## റൂളിംഗ്

മി. സ്പീക്കർ: 2014–ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിനോടൊപ്പം നൽകിയിരിക്കുന്ന ധനകാര്യമെമ്മോറാണ്ടം ക്രമപ്രശ്ന പ്രകാരമുള്ള പുതുക്കിയ ധനകാര്യമെമ്മോറാണ്ടം സഭയുടെ മേശപ്പുറത്തു വയ്ക്കണമെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിക്കുന്ന ക്രമപ്രശ്നം. ബില്ലിന്റെ 3 (ബി) ഖണ്ഡപ്രകാരം 1975–ലെ കോഴിക്കോട് സർവ്വകലാശാല നിയമത്തിലെ സെക്ഷൻ 17 ഭേദഗതി ചെയ്ത് മറ്റംഗങ്ങളുടെ ക്വാട്ടയിൽ 4 ന് പകരം 6 അംഗങ്ങളെ സെനറ്റിലേക്ക് സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അധികം വരുന്ന രണ്ടംഗങ്ങളുടെ അലവൻസും മറ്റ് ചെലവുകൾക്കും എത്ര തുക വരുമെന്ന് ധനകാര്യമെമ്മോറാണ്ടത്തിൽ സൂചിപ്പിക്കാത്തത് ക്രമപ്രകാര

മല്ല എന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ചത്. ചെയർ ഇക്കാര്യം പരിശോധിച്ചു. പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടു കൂടി ഒരു ധനകാര്യമെമ്മോറാണ്ടം ചേർക്കണമെന്നും ബിൽ നിയമമാകുന്ന പക്ഷം ഉണ്ടാകുന്ന ആവർത്തകവും അനാവർത്തകവുമായ അധികച്ചെലവു കൂടി ധനകാര്യമെമ്മോറാണ്ടത്തിൽ നിലനിൽക്കണമെന്നും നിയമസഭാചട്ടം 71 അനുശാസിക്കുന്നു. നിലവിലുള്ള സെനറ്റംഗങ്ങളുടെ എണ്ണം 4 –ൽ നിന്നും 6 ആകുമ്പോൾ അധികച്ചെലവ് ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. സർക്കാരിന്റെ സഞ്ചിതിനിധിയിൽ നിന്നും ഇക്കാര്യത്തിൽ ചെലവ് ഉണ്ടാകുകയില്ലെന്നും സർവ്വകലാശാല ഫണ്ടിൽ നിന്നുമാണ് അധികച്ചെലവിനുള്ള തുക കണ്ടെത്തുന്നതെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണം. സഞ്ചിതനിധിയിൽ നിന്നും ചെലവ് ഉണ്ടാകുകയില്ലെങ്കിലും നിയമസഭാ ചട്ടം 71 അനുശാസിക്കും പ്രകാരം ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി വകുപ്പു ചെലവ് സഭയെ അറിയിക്കുന്നതായിരിക്കും ഉചിതം എന്ന് ചെയർ അറിയിക്കുന്നു. സർക്കാർ ഇക്കാര്യം പരിശോധിക്കണമെന്നും പുതുക്കിയ ധനകാര്യമെമ്മോറാണ്ടവും ബിൽ പരിഗണിക്കുന്നതിനു മുൻപ് അങ്ങയുടെ അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യണമെന്നും ചെയർ റൂൾ ചെയ്യുന്നു.